JANMABHOOMI - 19-02-2025

# ഏഷ്യൻ ഫിഷറീസ് സൊസൈറ്റി മെറിറ്റ് അവാർഡ് ഡോ. നികിത ഗോപാലന്

മട്ടാഞ്ചേരി: ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ മികവിന്റെ പുരസ്കാരം കൊച്ചി സ്വദേശിയും സിഫ്റ്റ് പ്രിൻസിപ്പൽ ഗവേഷകയുമായ ഡോ. നികിത ഗോപാലന്. അക്വാകൾച്ചർ ആൻഡ് ഫിഷറീസിൽ ജെൻഡർ വിഭാഗത്തിന്റെ ചെയർപേഴ്സണായി പ്രവർത്തിച്ചതിനുള്ള അംഗീകാരമാമാണിത്. ന്യൂദൽഹിയിൽ ഏഷ്യൻ ഫിഷറീസ് അക്വാകൾച്ചർ ഫോറത്തിൽ സൊസൈറ്റി പ്രസിഡന്റ് പ്രൊഫ. ലിപിങ് ലിയു പുരസ്കാരം സമ്മാനിച്ചു. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റിലെ ഇഐഎസ് വിഭാഗം മേധാവിയാണ് ഡോ. നികിതാ ഗോപാൽ.



ഏഷ്യൻ ഫിഷറിസ് അക്വാകൾച്ചർ ഫോറത്തിൽ ഏഷ്യൻ ഫിഷറീസ് സൊസൈറ്റി പ്രസിഡന്റ് പ്രൊഫ. ലിപിങ് ലിയുവിൽ നിന്ന് ഡോ. നികിത അവാർഡ് ഏറ്റുവാങ്ങുന്നു

കഴിഞ്ഞ മുപ്പതു വർഷം മത്സ്യ ഗവേഷണ രംഗത്ത് വിവിധ ഗവേഷണങ്ങൾ നടത്തിയും പ്രബന്ധങ്ങൾ അവതരിപ്പിച്ചും മികച്ച നേട്ടങ്ങൾ നേടിയ നികിത 2022 മുതൽ അക്വാകൾച്ചർ ആൻഡ് ഫിഷറീസ് ജെൻഡർ വിഭാഗം ചെയർപേഴ്സണായി പ്രവർത്തിക്കുകയാണ്.